**പതിമൂന്നാം കേരള നിയമസഭ**

**ഏഴാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം 3784 19.2.2013 ൽ മറുപടിക്ക്**

**കേരള തണ്ടർബോൾട്ട്**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. റ്റി.എൻ. പ്രതാപൻ<br>ശ്രീ. സി.പി. മുഹമ്മദ്<br>ശ്രീ. ജോസഫ് വാഴക്കൽ<br>ശ്രീ. സണ്ണി ജോസഫ് | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്തെ കമാൻഡോ വിഭാഗമായ കേരള തണ്ടർ ബോൾട്ടിന്റെ സവിശേഷതകൾ എന്തെല്ലാമാണ്; വിശദമാക്കുമോ; | എ) തണ്ടർബോൾട്ട് കമാൻഡോ വിംഗിൽ നിലവിൽ 157 കമാണ്ടോകളാണ് ഉള്ളത്. ഇന്ത്യൻ എയർഫോഴ്സ്, നേവി എന്നീ സേനകളിൽ പരിശീലനവും കൗണ്ടർ ഇൻസർജൻസി ആന്റി ടെററിസ്റ്റ്, ആന്റി മോഡൽ ഓപ്പറേഷൻ എന്നിവയിൽ വൈദഗ്ധ്യം നേടിയവരാണ് ഇവർ. കഠിനമായ 20 മാസത്തെ ട്രെയിനിംഗ് പൂർത്തിയാക്കിയ എല്ലാവരും 23 വയസ്സിൽ താഴെയുള്ളവരും നേരിട്ട് കമാൻഡോ ആയി തിരഞ്ഞെടുത്തവരുമാണ്. ഇവർക്ക് സൈക്കോളജി, സൈക്യാട്രി ടെസ്റ്റ് എന്നിവ നടത്തിയിട്ടുണ്ട്. |
| ബി) തീവ്രവാദം ഉൾപ്പെടെയുള്ളവയെ നേരിടാനുള്ള പ്രവർത്തനത്തിൽ ഈ വിഭാഗത്തെ എങ്ങനെ സജ്ജമാക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം; | ബി) ഏതു സാഹചര്യത്തെയും നേരിടാനുള്ള സുസജ്ജമായ സേനാ വിഭാഗമാണ് ഇത്. ആയതിലേക്ക് വിദഗ്ധ രീതിയിലുള്ള ട്രെയിനിംഗ് തുടർന്നുകൊണ്ടിരിക്കുന്നു. ഇവർക്ക് ആധുനിക ആയുധങ്ങൾ, ഉപകരണങ്ങൾ എന്നിവ വാങ്ങുവാനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്.. ഇതിന്റെ ഓപ്പറേഷൻ കൺട്രോൾ സംസ്ഥാന പോലീസ് മേധാവിക്കാണ്. |

| | |
|---|---|
| സി) ഈ വിഭാഗത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം; വിശദമാക്കുമോ? | സി) തീവ്രവാദത്തെ അമർച്ച ചെയ്യൽ, അടിയന്തിര സാഹചര്യങ്ങളിൽ തീവ്രവാദികളുടെ ആക്രമണങ്ങളെ കാര്യക്ഷമമായി നേരിടുക, അതിവിശിഷ്ട വ്യക്തികളുടെ സുരക്ഷ എന്നിവയാണ് വിഭാഗത്തിന്റെ പ്രധാന ചുമതലകൾ. |

സെക്ഷൻ ഓഫീസർ.